കെ. എസ്. ആർ. ടി. സി. ജീവനക്കാർക്കും യാത്രക്കാർക്കും ക്ഷേമനിധി

*18 [258] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:
„ കെ. പി. രാജേന്ദ്രൻ:
„ ബിനോയ് വിശ്വം:
„ പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ജീവനക്കാർക്കും യാത്രക്കാർക്കും ക്ഷേമനിധി ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എപ്പോൾ മുതൽ ഈ പദ്ധതി നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ക്ഷേമനിധിയിലൂടെ നൽകാൻ കഴിയുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) അപകടത്തിൽപ്പെടുന്നവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിനാവശ്യമായ നിധി സ്വരൂപിക്കുന്നതെങ്ങനെയാണെന്ന് വെളിപ്പെടുത്തുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) കെ. എസ്. ആർ. ടി. സി. ബസ്സിലെ യാത്രക്കാർക്കായി ഒരു ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ട്.

(ബി) അപകടത്തിൽപ്പെടുന്ന കെ. എസ്. ആർ. ടി. സി. ജീവനക്കാർക്കും യാത്രക്കാർക്കും അടിയന്തിര ചികിൽസയ്ക്കായി സാമ്പത്തിക സഹായം നൽകുന്നതിനുദ്ദേശിച്ചിട്ടുള്ള ഒരു പദ്ധതിയാണിത്. യാത്രക്കാരുടെ ക്ഷേമകാര്യങ്ങൾക്ക് ഈ ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

(സി) ഇതിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതുണ്ട്.

(ഡി) 15 രൂപ മുതൽക്കുള്ള ടിക്കറിനുമേൽ 50 പൈസയും 100 രൂപ മുതൽക്കുള്ള ടിക്കറ്റിന്മേൽ ഒരു രൂപയും അധിക ചാർജ്ജായി ഈടാക്കി നിധി സ്വരൂപിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. വിശദാംശങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്.

പരമ്പരാഗത വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്ന പദ്ധതി

*19 [259] ശ്രീ. പി. ജയരാജൻ:
„ എം. വി. ഗോവിന്ദൻ മാസ്റ്റർ:
„ വി. കെ. ചന്ദ്രൻ:
„ ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായങ്ങൾ പ്രദാനം ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ പ്രശസ്തിയെയും, ചെലവ് കുറയ്ക്കുന്ന സാങ്കേതിക വിദ്യകളെയും അടിസ്ഥാനമാക്കി പുതിയ പദ്ധതി തയ്യാറാക്കുമെന്ന പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly